## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3089 22.06.2012-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൈവവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കാന്റീൻ പരിസരത്ത് ഉണ്ടായിരുന്ന ജൈവവളം ടെന്റർ വിളിച്ച് വിൽക്കാതെ സർക്കാർ പണം അങ്ങോട്ട് നൽകി ജൈവവളം നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. കാന്റീൻ പരിസരത്തുള്ള കുഴിയിൽ ഏറെ വർഷങ്ങളായി കെട്ടിക്കിടന്നിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യതായി അച്ചടി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈയിനത്തിൽ സർക്കാരിന് ചെലവായ തുക എത്രയാണ് ; | (ബി) (സി) (ഡി) (ഇ) (എഫ്) & (ജി) ബാധകമല്ല |
| (സി) പ്രസ്തുത തുക നഷ്ടം വരുത്തി സർക്കാർ വിരുദ്ധ പ്രവർത്തനം നടത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ എന്തു ശിക്ഷണ നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | |
| (ഡി) ടി കാന്റീൻ പരിസരത്തുണ്ടായിരുന്ന ജൈവവളം പണം കൈപ്പറ്റി എടുത്തുകൊണ്ടു പോകാൻ ആരെങ്കിലും ക്വട്ടേഷൻ നൽകിയിട്ടുണ്ടോ ; | |
| (ഇ) ഉണ്ടെങ്കിൽ അവരിൽ അച്ചടി വകുപ്പിലെ ഏതെങ്കിലും ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ടോ ; | |

| | |
|---|---|
| (എഫ്) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (ജി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം ലംഘിച്ച പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; അല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ബാധകമല്ല |

സെക്ഷൻ ഓഫീസർ